# ഗുരുവായൂരപ്പനും താലിബാനികളും

രമേശ് ബാബു

Those who have problem in reading with Thoolika font, can have this artilce in pdf format 109 K in size.

The Main Page

കേരളകൗമുദി November 2001

മലയാളിയുടെ സാംസ്കാരിക അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ മഹനീയ സ്ഥാനം അലങ്കരിക്കുന്ന ശ്രീ. യേശുദാസിനെ ഗുരുവായൂരിലെ ചെമ്പൈ സംഗീതോൽസവത്തിൽ പങ്കെടുപ്പിക്കാനാവില്ലെന്ന് ഗുരുവായൂർ ദേവസ്വം ജീവനക്കാരുടെ സംഘടനാ നേതാവ് ഒരു പ്രസ്താവനയിറക്കി കണ്ടു.



പണ്ട് യേശുദാസിനെ ആ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കില്ലെന്നും പറഞ്ഞു കേട്ടിട്ടുണ്ട്.
കാരണം?
യേശുദാസ് അഹിന്ദു!
അപ്പോൾ ആരാണ് ഹിന്ദു?

എന്തായാലും അത് വ്യാഖ്യാനിക്കാനുള്ള വിവരമോ വിവേകമോ, വേലചെയ്യാതിരിക്കൽ, അരിയർ, റ്റി.എ, ഡി.എ എന്നൊക്കെ മാത്രം ചിന്തിച്ചു ശീലിച്ചിട്ടുള്ള സംഘടനാനേതാവായ ആ മനുഷ്യന് ഉണ്ടാകാൻ തരമില്ല.

മരിച്ച് മണ്ണടിയാൻ പോലും വിധിയില്ലാതെ ഇലട്രിക് ക്രിമറ്റോറിയം വിസർജ്ജിക്കുന്ന അല്പം ചാരം മാത്രമാകാനും കളിച്ചു പഠിക്കുന്ന പേരക്കിടാങ്ങൾക്ക് ഒന്നും കിട്ടാതെ വരുമ്പോൾ ചാരകലശം ക്രിക്കറ്റ് ബാൾ ആക്കിമാറ്റാനും മാത്രം യോഗവും യശ്ശസ്സുമുള്ള ഇത്തരം മതാഭിമാനികൾക്കു വേണ്ടി ചരിത്രപരമായ ഒരു തിരിഞ്ഞു നോട്ടം അനിവാര്യമാണ്.

ലോകം അജ്ഞാനത്തിന്റെ അന്ധകാരത്തിൽ ആണ്ടു കിടന്നപ്പോൾ ഇങ്ങ് കിഴക്ക് ഭാരതഖണ്ഡത്തിൽ സത്യാന്വേഷികൾ ഋഗ്വേദമെന്ന ആദ്യ ഗ്രന്ഥം വിരചിച്ചിരുന്നു. ഇനിയും പൂർണ്ണമായും പൊരുൾ വെളിപ്പെടുത്താത്ത ആദിമകാവ്യവും ഇതിഹാസവും ഇവിടെ രചിക്കപ്പെട്ടപ്പോഴും ലോകം കണ്ണുതുറന്നിരുന്നില്ല.
വേദവ്യാഖ്യാനങ്ങളുടെ ബ്രാഹ്മണങ്ങൾ അവയുടെ വാങ്മയങ്ങളായ ആരണ്യകം, ഉപനിഷത്തുകൾ, നിരവധി ദർശനങ്ങൾ, മീമാംസകൾ.... പ്രപഞ്ചരഹസ്യങ്ങളിൽ നിന്നും ധ്യാനത്തിന്റെ തീക്കാറ്റിനാൽ ആവാഹിച്ചെടുത്ത അറിവുകളെ ആഗീരണം ചെയ്യാൻ ലോകത്തിന് വീണ്ടും നൂറ്റാണ്ടുകൾ കാത്തിരിക്കേണ്ടിവന്നു.
അഹിംസാവാദത്തിലൂടെ ഹൈന്ദവീകർ എന്ന് വിളിപ്പേരു കിട്ടിയ ഒരു ജനതയെ സൗകര്യാർത്ഥം ഒരു മതമാക്കി മാറ്റിയത് ഇവിടേയ്ക്ക് കടന്നെത്തിയവരായിരുന്നല്ലോ.

അഹിംസാ ഉദ്ഘോഷത്തിന്റെ ഈ പ്രകരണങ്ങളെ ലോകത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നെത്തിയ അപൂർവ്വം അന്വേഷികൾ മനസ്സിൽ വെച്ചാരാധിച്ചപ്പോഴാണ് അവർ മാക്സ്മുള്ളറെന്നും റൊമേൻ റോളണ്ഡ്, ഇസ്രാപൗണ്ട്, ഹർമൻ ഗുണ്ടർട്ട്, ഹെസ്സെ, ഐൻസ്റ്റൈൻ എന്ന പേരുകളിൽ സ്വയം ഓരോ പ്രസ്ഥാനങ്ങളായി മാറിയത്.
പക്ഷേ സൂര്യനൊപ്പം ലോകത്തിന് ആത്മീയ വെളിച്ചത്തിന്റെ ദീപപ്രഭ നൽകിയ ഈ ദർശനങ്ങളിൽ വ്യാഖ്യാന പിഴവുകൾ കടന്നു കൂടിയപ്പോഴാണ് ചരാചരങ്ങളിലും ഈശ്വര ചൈതന്യം ദർശിക്കാൻ പഠിപ്പിച്ച ഹൈന്ദവീകതയിൽ ചാതുർവർണ്ണ്യത്തിന്റെ നിഴൽപാടുകൾ വീണതും അത് രാവെന്നപോലെ തീവ്രമായതും.

ഗീതയിൽ കൃഷ്ണൻ ഭംഗ്യന്തരേണ ചാതുർവർണ്ണ്യത്തെ വ്യാഖ്യാനിക്കുന്നുണ്ടെങ്കിലും ജന്മസിദ്ധമായ കഴിവിനനുസരിച്ച് തൊഴിൽ വിഭജനം നടത്തുന്ന അതിലെ പ്രായോഗികത വെറും കുലമഹിമയായി മാത്രം പിന്നീട് തെറ്റിദ്ധരിക്കപ്പെടുകയായിരുന്നു. അങ്ങനെ ശൂദ്രകുലത്തിൽ ബ്രഹ്മജ്ഞാനം ഗ്രഹിക്കാൻ പ്രാപ്തിയുള്ളവർ പിറന്നാലും അവൻ ശൂദ്രനായി തന്നെ അവശേഷിച്ചു. ജാതിയും ജാതിക്കുള്ളിലെ ഉപജാതിയുമായി ഹൈന്ദവീകർ ഒരോരോ ദ്വീപുകളായി രൂപാന്തരം പ്രാപിക്കുമ്പോഴായിരുന്നു അധിനിവേശത്തിന്റെയും മതപരിവർത്തനത്തിന്റേയും മേലാളൻമാർ അവരെ വശത്താക്കിയതും പുതിയൊരു ജീവിതക്രമത്തിലേക്കും വിശ്വാസ സംഹിതയിലേക്കും കൂട്ടികൊണ്ടുപോകുന്നതും. ( ചരിത്രപരമായി അനിവാര്യവും ഉൾവെളിച്ചം നൽകുന്നതുമായിരുന്നു ഈ പരിവർത്തനം)

സ്വയം ഒരോ ദ്വീപായി പരിണമിച്ചപ്പോഴും വൈദേശിക വിശ്വാസങ്ങളോട് ഹൈന്ദവീകൻ മുഖം തിരിക്കാതിരുന്നത് അവൻ ഉൾകൊണ്ട കാലാതിവർത്തിയായ പൈതൃകങ്ങളുടെ സമ്പന്നതകൊണ്ടാവാം. ഈ സമ്പന്നതയെ ആധുനികലോകം സഹിഷ്ണുതയെന്ന് വിശേഷിപ്പി ക്കുന്നു.

ഇവിടുത്തെ രാജാക്കൻമാർ മതപരിവർത്തനത്തിനെത്തിയവർക്ക് ആളും അർത്ഥവും നൽകിയത് അവർ ഉൾകൊണ്ടിരുന്ന സംസ്കാരത്തിന്റെ വ്യാപ്തി അത്ര വലുതായതുകൊണ്ടു തന്നെയാണ്. അവർക്കറിയാമായിരുന്നിരിക്കണം മതം മാറുന്ന ഹൈന്ദവൻ മറ്റൊരു ദർശനം കൂടി അറി യുന്നുവെന്നേയുള്ളൂ. അവൻ അപ്പോൾ യേശുവിനെ യേശുദേവനെന്നു വിളിച്ചുകൊള്ളും. നബിയെ നബിതിരുമേനിയാക്കി സ്വാംശീകരിച്ചുകൊള്ളും.

എങ്കിലും അചാരങ്ങളുടെ ആഡംബരം സത്യത്തിന് മുഖംതിരിച്ചപ്പോഴാണ് ഹൈന്ദവീകതയ്ക്ക് മെല്ലെ മതത്തിന്റെ രൂപഭാവങ്ങൾ കൈവരാൻ തുടങ്ങിയത്. സംഘടിത മതങ്ങളുടെ അസംബന്ധങ്ങളെല്ലാം ഈ ദർശനങ്ങളുടെ അന്തർധാരയാൽ നയിക്കപ്പെട്ട മനുഷ്യരേയും സ്വാധീനിക്കാൻ തുടങ്ങി.

ഭഗവൽ പ്രീതിക്ക് ഹോമം നടക്കുന്ന ഭവനത്തിൽ പൂച്ചകളുണ്ടെങ്കിൽ അവയെ പൂജാദ്രവ്യങ്ങളും മറ്റും തട്ടിമറിക്കാതിരിക്കാൻ പൂട്ടിയിടുമായിരുന്നു. കാലക്രമേണ ഹോമം നടക്കണമെങ്കിൽ എവി ടുന്നെങ്കിലും പൂച്ചയെകൊണ്ടുവന്ന് പൂട്ടിയിടണമെന്നായി. ആചാരം അനാചാരമാകുന്നതെങ്ങി നെ എന്നതിന് ഒരു തെളിവ്.
സതി, ശൈശവവിവാഹം, തീണ്ടൽ തുടങ്ങി എന്തൊക്കെ അനാചാരങ്ങൾ.
തൂണിലും തുരുമ്പിലും ഈശ്വര ചൈതന്യം ദർശിക്കയും അഹംബ്രഹ്മാസ്മിയെന്നറിയുകയും തത്വമസി എന്ന് കണ്ടെത്തുകയും ചെയ്ത ഒരു ജനവിഭാഗത്തിന് വന്നു ചേർന്ന അപചയങ്ങൾ.

എങ്കിലും ഹൈന്ദവീകർ ഭാഗ്യവാൻമാരാണ്. വ്യാഖ്യാന പിഴവുകളാൽ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ബന്ധിതരായ അവർക്ക് നേർവഴികാട്ടുവാൻ ഒരോരോ കാലങ്ങളിൽ ഒരോ അവതാരങ്ങൾ അവതീർണ്ണമായിട്ടുണ്ട്. ത്രേതായുഗത്തിലും ദ്വാപരയുഗത്തിലും കലിയുഗത്തിലും പ്രത്യപക്ഷപ്പെട്ടുവെന്നു പറയുന്ന അവതാര പുരുഷൻമാർ പരമമായസത്യത്തെ വെളി പ്പെടുത്തുന്ന ബിംബകല്പനകളായിരുന്നുവല്ലോ.
ശ്രീബുദ്ധനും ക്രിസ്തുവും നബിയും അവതരിച്ചപ്പോഴും ഹൈന്ദവദർശനങ്ങൾക്കായിരുന്നു തിരിച്ചറി യലിന്റെ സാന്നിദ്ധ്യത്തിലൂടെ ഉൾവെളിച്ചം ഏറെ ലഭിച്ചത്.

വീണ്ടും ശ്രീരാമകൃഷ്ണനും വിവേകാന്ദനും രമണമഹർഷിയും ശ്രീനാരായണഗുരുവി നെപോലുള്ളവരും സാർവ്വലൗകികമായ ഈ ദർശനസംഹിതയിൽ വീണ മാലിന്യങ്ങളെ തപശക്തിയാൽ നീക്കം ചെയ്യുകയായിരുന്നു.
ഇന്ന് ആധുനിക ഹൈന്ദവൻ ഇതരമതവിശ്വസികളെ പോലെയല്ല. അവൻ മതത്തിന്റെ കെട്ടുപാടുകൾക്കതീതനാണ്. മതപരമായ ഒരു കർമ്മവും ഒരു ആചാരവും അവനുമേൽ അടി ച്ചേൽപ്പിക്കപ്പെടുന്നില്ല. അവന്റെ ചിന്തയിൽ പൗരോഹിത്യം കൈകടത്തുന്നില്ല. വിശ്വാസത്തി ന്റെ പേരിൽ അവന് മമോദീസ മുക്കേണ്ടതില്ല, ചേലാകർമ്മം അനുഷ്ടിക്കേണ്ടതില്ല. പകരം സത്യദർശനങ്ങളുടെ വഴി തിരഞ്ഞെടുക്കണമെങ്കിൽ അവൻ സ്വയം പരുവപ്പെടേണ്ടിയിരിക്കുന്നു. ഇന്ദ്രിയങ്ങളേയും മനസ്സിനേയും സ്വയം കീഴടക്കേണ്ടിയിരിക്കുന്നു. പരിവർത്തനവിധേയനായ അവനുമുന്നിൽ ലോകത്തെ സമസ്തദർശനങ്ങളുടേയും മാതാവ് സാഗരശയനം ചെയ്യുകയാണ്. അമ്മയുടെ മാറിടം തേടുന്ന ശൈശവത്തിന്റെ തെളിമയാൽ നയിക്കപ്പെട്ട് അത്മവിമർശനത്തിന്റെ പാതയിലൂടെ സമഭാവനയുടെ അദ്വൈതം സ്വയം കണ്ടെത്തുവനാണ് അവന്റെ നിയോഗം. ഇതത്രേ ഹൈന്ദവ ധർമ്മവും.

കല്ലിൽ കൊത്തിയ ബിംബങ്ങളുള്ള ക്ഷേത്രങ്ങൾ ഇവിടെ അന്വേഷണത്തിന്റെ ആദ്യ പടി പോലുമാകുന്നില്ല. ചിത്തം വികസ്വരമാകുന്നവർക്കെ ക്ഷേത്രത്തിന്റെ ആവശ്യം പോലുമുള്ളൂ. ക്ഷേത്രമെന്നാൽ ശരീരം, ക്ഷേത്രത്തിന്റെ തച്ചു ശാസ്ത്രം ശരീരത്തെയാണ് അനുകരിച്ചിരി ക്കുന്നതും. ഇവിടെ പ്രവേശിക്കുന്നവൻ ആത്മാന്വേഷണത്തിനു തയ്യാറെടുക്കും മുൻപുള്ള ദേഹശുദ്ധിയും മനശുദ്ധിയും വരുത്തുവാൻ നിർബന്ധിതനാകുന്നു. മൂലവിഗ്രഹത്തിൽ ദൃഷ്ടി യൂന്നി ശ്രദ്ധകേന്ദ്രീകരിക്കുന്നു. ഇവിടെ തീരുന്നു ക്ഷേത്രങ്ങളുടെ ധർമ്മവും ഉദ്ദേശ്യവും. മനസ്സിന്റെ ഭാരവും പിരിമുറുക്കങ്ങളും ഇറക്കിവെക്കാനും വിശ്വാസത്തിന്റെ നിറവിൽ സ്വയം തി രുത്തുവാനും ആരാധനാലയങ്ങളിലെത്തുന്നവർക്കു മുന്നിൽ അയിത്തത്തിന്റെ പേരിൽ വാതി

ലുകൾ കൊട്ടിയടയ്ക്കുന്നവർ ആരുടെ വക്താക്കളാണ്? രക്തം, കഫം മലം, മൂത്രം തുടങ്ങിയവയുടെ സമന്വയമായ ഇവരുടെ ദുർഗന്ധ പൂരിതമായ ശരീരങ്ങൾക്ക് മാത്രം ക്ഷേത്രപ്രവേശനം അനുവദനീ. യമെന്ന് വിധി തീർക്കുന്നത് എന്ത് അധികാരത്തിലാണ്? മൂഢവിശ്വാസങ്ങളിൽ മുഴുകിയിരിക്കുന്ന ഇവർ പറയിപെറ്റ പന്തിരുകുലത്തിന്റെ സന്തതിപരമ്പരകളാണ് തങ്ങളെന്നുള്ള പുരാവൃത്തവും അപ്പോൾ വിശ്വസിക്കേണ്ടതല്ലേ?

നാരായണീയത്തിനും ജ്ഞാനപ്പാനയ്ക്കും പ്രചോദനമേകിയ ക്ഷേത്രത്തിന്റെ ചൈതന്യദീപ്തമായ പ്രശാന്തതയിൽ ക്ഷേത്രസങ്കല്പങ്ങളുടെ പൊരുളറിയാത്ത ഈ വയറ്റിപിഴപ്പുകാർ സ്വന്തം താല്പര്യസംരക്ഷണാർത്ഥം വായാടിത്തത്തിന്റെ നാറ്റം പിടിച്ച ഈന്ത നിറയ്ക്കയാണ്.

മോക്ഷപ്രാപ്തിനൽകുന്ന സംഗീതസാഗരത്തിൽ മുങ്ങിനിവരുന്ന ഗാനഗന്ധർവൻ യേശുദാസ് സാമവേദാർത്ഥമാണ്. ഈശ്വരന്റെ വരപ്രസാദം സിദ്ധിച്ച അദ്ദേഹം അങ്ങനെ ബ്രഹ്മത്തെ അറിയുന്നു. അഥവാ ബ്രാഹ്മണൻ. ഗുരുവായൂർ ക്ഷേത്രത്തിന്റെ വാതിലുകൾ തനിക്കുമുന്നിൽ അടയ്ക്കുന്നവരും അയിത്ത ചിന്തയാൽ സംഗീതോത്സവത്തിൽ തന്നെ പങ്കെടുപ്പിക്കാതിരിക്കയും ചെയ്യുന്നവർ സാംസ്കാരിക മണ്ഡലത്തിലെ ചണ്ഡാലനോ ( അവരുടെ ഭാഷയിൽ) വിഷപാമ്പോ ആണെന്ന് ധരിക്കാൻ കർമ്മം കൊണ്ട് ബ്രാഹ്മണനായ യേശുദാസിന് കഴിയും.

സംഘടിതമതത്തിന്റെ ചട്ടകൂട്ടിൽ നിന്ന് മാർപാപ്പ കുഞ്ഞാടുകളെ നയിക്കുന്ന പോലെയോ മുല്ലമാർ അദ്ധ്യാത്മിക നേതൃപട്ടം സ്വയം എടുത്തണിയുന്നതു പോലെയോ ഹൈന്ദവീകതയ്ക്ക് വക്താക്കളില്ല. ഇവിടെ വിശ്വാസി സ്വയം അന്വേഷി ആയേപറ്റൂ. അത്മീയ സാക്ഷാത്കാരം നേടിയ ഗുരുക്കൻമാരെ അവൻ ചിലപ്പോൾ കണ്ടെത്തിയെന്നും ഇല്ലെന്നും വരാം. സഞ്ചാരിയുടെ പാതയിൽ ആകാശഗംഗപോലെ സത്യദർശനം സാദ്ധ്യമാകുമ്പോൾ വ്യാഖ്യാനങ്ങൾ ഉടലെടുക്കുന്നു. വക്താക്കളല്ല.

ഹൈന്ദവീകത വക്താക്കളെ ആവശ്യപ്പെടാത്ത സ്ഥിതിക്ക് ഗുരുവായൂരിലെ ഉദരംബരികൾ വല്ല ജാതി, സമുദായ സംഘടനകളുടെയോ ആൾക്കാർ മാത്രമാണ്. ഇവർക്ക് ഹൈന്ദവീകതയെ ഹിന്ദുമതമാക്കി പരിമിതപ്പെടുത്തിയെങ്കിലെ മതിവരു. കല്ലിൽ പായൽ പറ്റിയാലെന്നപോലെ ക്ഷേത്രമതിൽക്കെട്ടുകളിൽ നിന്നും കാലഹരണപ്പെട്ട ആചാരങ്ങളുടെ പൂതിഗന്ധം പ്രസ്താവനകളിലൂടെ പരത്തുന്ന ഇവർ ക്ഷേത്രങ്ങൾ ഏറ്റു പറയിലിന്റെയും, വിശുദ്ധിയുടേയും തിരിച്ചറിവിന്റെയും, ആത്മാവിഷ്കാരത്തിന്റെയും സങ്കേതങ്ങൾ ആണെന്നറിയുന്നില്ല.
ഈശാവാസ്യോപനിഷത്ത് പറയുന്നു

"തദേജതി തന്നൈജതി
ദദ്ദൂരെ തദ്വന്തികേ
തദന്തരസ്യ സർവ്വസ്യ
തദുർസർവ്വസ്യാസ്യ ബാഹ്യത:"

~ മൂഢൻമാരുടെ ദൃഷ്ടിയിൽ ഈശ്വരൻ ചലിക്കുന്നവനാണ്. വാസ്തവത്തിൽ അത് നിശ്ചലമാകുന്നു. ഏതൊരുവസ്തു ഒരിടത്തില്ലയോ ആ ഇടത്തേക്കുമാത്രമേ ഒന്നിന് ചലിക്കാനാവൂ. ഈശ്വരൻ സർവ്വവ്യാപിയാണ്.

**മാറ്റൊലി:** ഗുരുവായൂരിലെ താലിബാനികൾ യേശുദാസിനു നേരെ പ്രകടിപ്പിക്കുന്ന ഈ അയിത്തം ചരിത്രത്തിൽ കേരളത്തിന് മറ്റൊരു അപമാനമായി മാറുമ്പോൾ "ഭ്രാന്താലയം എന്ന വിശേഷണത്തിന് വരും നൂറ്റാണ്ടുകളിലും പ്രസക്തിയേറും. ക്ഷേത്രവരുമാനത്തിൽ നിന്ന് അതിനു കൂടി പണം കണ്ടെത്തിവയ്ക്കുന്നത് ഭാവിയിൽ പ്രയോജനമാകും.

rameshbabu@kaumudi.com

**POST YOUR THOUGHTS HERE**